2.	തൃശ്ശൂർ സഹകരണ പ്രിന്റിംഗ് & പബ്ലിഷിംഗ് ഹൗസ്, തൃശ്ശൂർ	9.68
3.	തൃശ്ശൂർ ജില്ലാ ആയുർവ്വേദ സഹകരണ ആശുപത്രി, തൃശ്ശൂർ	12.145
4.	ചെക്കിടിക്കാട് സർവ്വീസ് സഹകരണ ബാങ്ക്, എടത്വ	7.00
5.	ആറ്റുവാത്തല സർവ്വീസ് സഹകരണ ബാങ്ക്, ആലപ്പുഴ	10.00
6.	പുല്ലങ്ങാടി സർവ്വീസ് സഹകരണബാങ്ക്, ആലപ്പുഴ	13.50
7.	കുടശ്ശനാട് സർവ്വീസ് സഹകരണ ബാങ്ക്, ആലപ്പുഴ	4.50
8.	ക്രിയേറ്റീവ് ആർട്സ് & കൾച്ചറൽ സഹകരണ സംഘം, തിരുവനന്തപുരം	35.00
	ആകെ	238.075

2003-2004 (തുക ലക്ഷത്തിൽ)

1.	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് പരിയാരം, കണ്ണൂർ.	325.00
	ആകെ	325.00

2004-2005 (തുക ലക്ഷത്തിൽ)

1.	തൃശ്ശൂർ ജില്ലാ ആയുർവ്വേദ സഹകരണ ആശുപത്രി, തൃശ്ശൂർ	2.48
2.	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡ് പരിയാരം, കണ്ണൂർ.	247.52
	ആകെ	250.00

കൺസ്യൂമർ സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി

144 [3034] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കൺസ്യൂമർ സഹകരണ സംഘങ്ങളും പ്രവർത്തിക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വൻതോതിൽ വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു ചെറിയ വിഭാഗം സംഘങ്ങൾ പ്രവർത്തിക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. പ്രവർത്തനക്ഷമത കുറഞ്ഞ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ഓഹരി മൂലധനവും മാനേജീരിയൽ സബ്സിഡിയും വായ്പയും നൽകി വരുന്നു. സംസ്ഥാന പദ്ധതിയിലും എൻ. സി. ഡി. സി. പദ്ധതിയിലും ഉൾപ്പെടുത്തി ധനസഹായം നൽകുന്നുണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

ഹൗസിംഗ് സഹകരണ സംഘങ്ങൾ

145 [3035] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹൗസിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ എത്ര;

(സി) നഷ്ടത്തിലായവ ലാഭത്തിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ പേരു വിവരവും നഷ്ടവും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 361 എണ്ണം.

(ബി) 160 എണ്ണം.

(സി) കുടിശ്ശിക പിരിച്ചെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയും നഷ്ടത്തിലായ സംഘങ്ങളെ ലാഭത്തിലാക്കാനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly